നം. 9/2016/SRG

**സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.03.2017 കൂടിയ യോഗത്തിന്റെ നടപടിക്രമം വിവരം യോഗം രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 610–ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.**

1. **2016–17 വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം**

**13.03.2017 വരെയുള്ള പദ്ധതി പുരോഗതി വിവരം താഴെ ചേർക്കുന്നു.**

| പദ്ധതി പുരോഗതി ശതമാനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ്.സി. എസ്.പി. | റ്റി.എസ്. പി | എഫ്.സി. ഗ്രാന്റ് | ലോകബാങ്ക് വിഹിതം | ആകെ |
| 1 | ജില്ലാ പഞ്ചായത്ത് | 34.74 | 39.49 | 47.96 | 0.00 | 0.00 | 36.65 |
| 2 | ബ്ലോക്ക് പഞ്ചായതത് | 36.38 | 46.92 | 50.76 | 0.00 | 0.00 | 39.91 |
| 3 | മുനിസിപ്പാലിറ്റി | 46.08 | 28.57 | 15.52 | 28.53 | 15.70 | 33.82 |
| 4 | കോർപ്പറേഷൻ | 33.02 | 27.24 | 0.00 | 13.15 | 0.00 | 23.24 |
| 5 | ഗ്രാമ പഞ്ചായത്ത് | 51.91 | 32.03 | 36.31 | 33.64 | 11.32 | 37.96 |
| ആകെ | | 44.03 | 35.24 | 40.67 | 27.94 | 12.19 | 35.90 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | |
|---|---|---|
| **ജില്ലാ പഞ്ചായത്തുകൾ** | | ശതമാനം |
| 1 | ഇടുക്കി | 49.9 |
| 2 | കോട്ടയം | 42.02 |
| 3 | എറണാകുളം | 41.48 |
| 4 | തൃശ്ശൂർ | 40.79 |
| 5 | തിരുവനന്തപുരം | 40.35 |
| 6 | വയനാട് | 40.02 |
| 7 | കാസർഗോഡ് | 39.76 |
| 8 | കോഴിക്കോട് | 37.68 |
| 9 | പത്തനംതിട്ട | 36.74 |
| 10 | ആലപ്പുഴ | 35.76 |
| 11 | കണ്ണൂർ | 33.94 |
| 12 | പാലക്കാട് | 31.34 |
| 13 | മലപ്പുറം | 29.98 |
| 14 | കൊല്ലം | 23.57 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **കോർപ്പറേഷനുകൾ** | | ശതമാനം |
| 1 | കണ്ണൂർ | 37.75 |
| 2 | കൊല്ലം | 28.07 |
| 3 | തൃശ്ശൂർ | 26.69 |
| 4 | കോഴിക്കോട് | 26.28 |
| 5 | കൊച്ചി | 23.29 |
| 6 | തിരുവനന്തപുരം | 17.57 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | ശതമാനം |
|---|---|---|
| 1 | കട്ടപ്പന | 70.26 |
| 2 | പൊന്നാനി | 62.61 |
| 3 | തൃക്കാക്കര | 56.84 |
| 4 | കളമശ്ശേരി | 52.02 |
| 5 | വർക്കല | 51.93 |
| 6 | ഹരിപ്പാട് | 51.79 |
| 7 | നെടുമങ്ങാട് | 51.65 |
| 8 | ചെറുപ്പശ്ശേരി | 51.41 |
| 9 | കൊയിലാണ്ടി | 49.12 |
| 10 | പരവൂർ | 47.41 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | ശതമാനം |
|---|---|---|
| 1 | കാസർഗോഡ് | 10.05 |
| 2 | ഈരാറ്റുപേട്ട | 10.92 |
| 3 | ചെങ്ങന്നൂർ | 14.13 |
| 4 | മൂവാറ്റുപുഴ | 18.11 |
| 5 | കൊടുവള്ളി | 19.28 |
| 6 | പാലക്കാട് | 19.34 |
| 7 | വടക്കാഞ്ചേരി | 20.97 |
| 8 | വൈക്കം | 21.31 |
| 9 | നോർത്ത് പറവൂർ | 21.53 |
| 10 | മാവേലിക്കര | 21.78 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | പെരുമ്പടപ്പ് | 73.41 |
| 2 | കിളിമാന്നൂർ | 70.62 |
| 3 | വെളങ്ങല്ലൂർ | 65.51 |
| 4 | നീലേശ്വരം | 61.96 |
| 5 | പുലിക്കീഴ് | 61.92 |
| 6 | നേമം | 60.36 |
| 7 | വാമനപുരം | 59.79 |
| 8 | പാറക്കടവ് | 59.01 |
| 9 | പൊന്നാനി | 58.95 |
| 10 | വൈപ്പിൻ | 58.23 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | മലമ്പുഴ | 11.91 |
| 2 | ബാലുശ്ശേരി | 17.69 |
| 3 | ചേർപ്പ | 19.19 |
| 4 | നെന്മാറ | 20.98 |
| 5 | ഇരിട്ടി | 21.14 |
| 6 | ചേലന്നൂർ | 21.33 |
| 7 | അരീക്കോട് | 23.31 |
| 8 | പെരുംകടവിള | 23.52 |
| 9 | അഴുത | 23.67 |
| 10 | വടകര | 24.09 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | വാളകം | 81.69 |
| 2 | ഇലപ്പള്ളി | 73.06 |
| 3 | മുളംതുരുത്തി | 70.93 |
| 4 | പിറയിരി | 70.92 |
| 5 | കതിരൂർ | 70.83 |
| 6 | നല്ലേപ്പിള്ളി | 70.75 |
| 7 | കുട്ടിലങ്ങാടി | 69.86 |
| 8 | ചെറുവത്തൂർ | 69.56 |
| 9 | ഉപ്പുതറ | 69.36 |
| 10 | തേക്കുംഭാഗം | 68.73 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | ബെല്ലൂർ | 12.56 |
| 2 | കൊഴുവനാൽ | 13.19 |
| 3 | നെല്ലിയാമ്പതി | 13.45 |
| 4 | പൂമംഗലം | 14.19 |
| 5 | ഇടത്തല | 15.36 |
| 6 | ഇറമല | 15.55 |
| 7 | പട്ടുവം | 15.56 |
| 8 | മുത്തോളി | 15.8 |
| 9 | മുതുവല്ലൂർ | 16.11 |
| 10 | മുട്ടാർ | 16.36 |

2. <u>പൊതുവിഷയം</u>

1) 2016–17 വാർഷിക പദ്ധതിയിലെ പൂർത്തിയാക്കാത്ത താഴെ പറയുന്ന സ്വഭാവമുള്ള പ്രോജക്റ്റുകൾ 2017–18 വർഷം സ്പിൽ ഓവറായി തുടരാവുന്നതാണ്. എന്നാൽ ഇത്തരം പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം.

<u>സ്പിൽ ഓവർ ഗണത്തിൽപ്പെടുത്താവുന്ന പ്രോജക്റ്റുകൾ.</u>

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയവയും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുള്ളവയുമായിരിക്കണം. നിർമ്മാണ പ്രോജക്റ്റുകളാണെങ്കിൽ സാങ്കേതിക അനുമതി ലഭിച്ച് ടെണ്ടർ ചെയ്യുക, കരാർ വയ്ക്കുക എന്നീ ഘട്ടങ്ങൾ കഴിഞ്ഞവ സ്പിൽഓവർ പ്രോജക്റ്റുകളായി കണക്കാക്കാം. വീടുനിർമ്മാണത്തിന് ഗുണഭോക്താവുമായി കരാർ വച്ചവ, വ്യക്തികൾക്കു ഉപകരണം നൽകുന്നതിന് ടെണ്ടർ വിളിച്ചവ, എന്നീ പ്രോജക്റ്റുകൾ സ്പിൽ ഓവർ പ്രോജക്റ്റുകളുടെ ഗണത്തിൽപ്പെടുത്താവുന്നതാണ്.

എന്നാൽ ഇത്തരം പ്രോജക്റ്റുകളിൽ ഇനി ഭേദഗതികൾ വരുത്തിയാൽ അവ സ്പിൽ ഓവർ വിഭാഗത്തിൽപ്പെടുത്തുകയില്ല. ഇപ്രകാരം ഭേദഗതി കൂടാതെയുള്ള മേൽപ്പറഞ്ഞ രീതിയിലുള്ള പ്രോജക്റ്റുകൾക്ക് 2016–17 ലെ അതാത് മേഖലയിലെ ചെലവഴിക്കാത്ത വിഹിതത്തിൽ നിന്ന് ക്യാരിഓവർ തുക 2017 – 18–ലെ വാർഷിക പദ്ധതിയിലേക്ക് സ്പിൽഓവർ ആയി നടപ്പാക്കുന്നതിന് അനുവദിക്കുന്നതാണ്.

(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ്)

2 27.01.2017 ലെ 6/2017/ഫിൻ നമ്പരായ സർക്കുലർ പ്രകാരം സ്പെഷ്യൽ റ്റി.എസ്.ബി തുടങ്ങാനുള്ള നിർദ്ദേശം നടപ്പാക്കുന്നതിനുള്ള തടസ്സം ഉണ്ടായാൽ അത്തരം വിഷയങ്ങൾ ബന്ധപ്പെട്ട ട്രഷറി/ ഉദ്യോഗസ്ഥന്മാരുമായി ഇടപ്പെട്ട് ജില്ലാതലത്തിൽ പരിഹരിക്കണം. ഇതിനായി ജില്ലാ കളക്ടറുടെ ഇടപെടലും ഉണ്ടാവണം.

(നടപടി– എല്ലാ ജില്ലാ കളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ജില്ലാതല ഉദ്യോഗസ്ഥർ)

3 2017–18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഏപ്രിൽ 2 മുതൽ 9 വരെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഗ്രാമസഭ/ വാർഡുസഭ കൂടണം. ഇത്തരം ഗ്രാമ/വാർഡു സഭയിൽ ബഹു.മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ മാർ മറ്റു ജനപ്രതിനിധികൾ, സാമൂഹ്യ – സാംസ്കാരിക മേഖലയിലെ പ്രമുഖർ എന്നിവരെ പങ്കെടുപ്പിക്കാനും പരമാവധി പ്രചാരണം നടത്താനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. വകുപ്പുമേധാവികളടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട

ഗ്രാമസഭയിൽ പങ്കെടുക്കണം. സ്കൂൾ, കോളേജ് തലത്തിൽ സാധ്യമായ പ്രചരണം നടത്തണം. KILA പ്രത്യേകമായ പ്രചരണ പരിപാടി നടപ്പാക്കണം. AIR, FM റേഡിയോ, റ്റി.വി. പരസ്യം എന്നിവ നടത്താനായി കിലയെ പ്രത്യേകം ചുമതലപ്പെടുത്തി.സംസ്ഥാന തലത്തിലുള്ള പ്രചരണ പരിപാടികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നേതൃത്വം നൽകും. ഇതിനായി പബ്ലിക് റിലേഷൻ വകുപ്പിന്റെ സേവനം ഉറപ്പുവരുത്തണം. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ബന്ധപ്പെട്ടവർക്ക് പ്രത്യേക കത്തയ്ക്കുന്നതാണ്.

(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ് )

4 കിണർ കുഴിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ DSR പ്രകാരമുള്ള യൂണിറ്റ് റേറ്റ് എല്ലാ ജില്ലകൾക്കും വേണ്ടി പ്രത്യേകം തയ്യാറാക്കാൻ തീരുമാനിച്ചു.

(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

5 2016–17 വാർഷിക പദ്ധതി ഭേദഗതി 27.03.17 വരെ നടത്താവുന്നതാണ്.

6 ഐ.എ.വൈ ഭവന പദ്ധതി പ്രകാരം പൊതു വിഭാഗത്തിന് യൂണിറ്റ് ചെലവിൽ 50,000/– രൂപ സർക്കാർ നൽകുമെന്നറിയിച്ചിരുന്നുവെങ്കിലും ഈ തുക നൽകിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കൾക്ക് 1.00 ലക്ഷം രൂപ വീതം പട്ടികജാതി വികസന വകുപ്പും പട്ടികവർഗ വികസന വകുപ്പും നൽകും എന്ന് അറിയിച്ചിരുന്നു. ഇപ്രകാരം വകുപ്പ് തുക നൽകിയില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് ഈ തുക വികസന ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകിയിരുന്നു. അതേപോലെ പൊതു വിഭാഗത്തിനും സർക്കാർ വിഹിതമായി ലഭിക്കേണ്ട 50,000/– രൂപ ബ്ലോക്ക് പഞ്ചായത്തിന് വികസനഫണ്ടിൽ നിന്ന് നൽകാവുന്നതാണ്.

(നടപടി – ഗ്രാമവികസന വകുപ്പ് കമ്മീഷണർ)

7 ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ എസ്.സി എസ്.പി/റ്റി.എസ്.പി, സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയായപ്പോൾ ബിൽതുക നല്കിയിട്ടുണ്ട്. ഇവരിൽ ചിലർക്ക് പുതിയ പ്രോജക്ടിന് ബിൽ തുക നൽകാൻ എസ്.സി. എസ്.പി./റ്റി.എസ്.പി/ പ്രത്യേക ഗ്രാന്റ് തുകയില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ട്/ തനതുഫണ്ട് ഉപയോഗിച്ച് ഇത്തരം പ്രോജകട്ടുകളുടെ തുക നൽകാവുന്നതാണ്. അതിനായി പ്രോജക്ടുകൾ ഭേദഗതി വരുത്താവുന്നതാണ്. അത്തരം ഭേദഗതികൾ ക്രമപ്പെടുത്തുന്നതിന് SRG യുടെ അനുമതിയോടെ ഐ.കെ.എം. സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം നടത്തണം. 2016–17 ലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ഇതേപോലെ ഏതെങ്കിലും വിഭാഗത്തിലെ ഫണ്ട് തികയാതെ വന്നാൽ ഇതേ രീതിയിൽ പ്രോജക്ടുകൾ ഭേദഗതി വരുത്താവുന്നതാണ്.

(നടപടി– 1. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, 2. എസ്.ആർ.ജി)

8 കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 01.04.2017 മുതൽ 31.05.2017വരെ കുടിവെള്ള വിതരണം നടത്താവുന്നതാണെന്ന് 09.03.17 ലെ 622/17/തസ്വഭവ നമ്പരായി ഉത്തരവുണ്ട്. ഇതിനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം കൂടാതെ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശം പാലിച്ച് തുക ചെലവഴിക്കാവുന്നതാണ്. അത്തരം ചെലവുകൾ സാധൂകരിക്കുന്നതിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഇപ്രകാരം തുക ചെലവഴിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടറും നഗരസഭാ ഡയറക്ടറും പ്രത്യേകം തയ്യാറാക്കേണ്ടതും ഈ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ് )

9 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ പ്രത്യേകമായി അവലോകനം ചെയ്യുകയും നിർവ്വഹണ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന എല്ലാ പ്രശ്നങ്ങളും ഉടനടി പരിഹിക്കുന്നതിനുവേണ്ട ഇടപടൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തേണ്ടതും നിർവ്വഹണ പുരോഗതി വേഗത്തിലാക്കുകയും ചെയ്യണം.

(നടപടി- ഡയറക്ടർ പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ)

10 നിർമ്മാണ പ്രോജക്ടുകളിൽ സാങ്കേതിക അനുമതിക്കു സമർപ്പിക്കാത്തവയുണ്ടെങ്കിൽ അവ എത്രയെന്നും ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഇതിന്റെ ഉത്തരവാദികൾ എന്നും കൃത്യമായ ലിസ്റ്റുതയ്യാറാക്കണം.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

11 സാങ്കേതിക അനുമതിക്കു സമർപ്പിച്ച പ്രോജക്ടുകളിൽ ഇനിയും സാങ്കേതിക അനുമതി നൽകാത്ത പ്രോജക്ടുകൾ എത്ര, ഏതൊക്കെ ഉദ്യോഗസ്ഥർ എന്നതിന്റെ ലിസ്റ്റ് ജില്ല തിരിച്ച് തയ്യാറാക്കി നൽകണം.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൂർത്തിയായ ഓരോ പ്രോജക്ടുകളുടേയും ബിൽതുക (പാർട്ട് ബില്ലും ഫൈനൽ ബില്ലും) മാറിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും സെക്രട്ടറിയും ഉറപ്പുവരുത്തണം.

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ് )

13 2015 – 16 ലെ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണം. അതിന്റെ ബിൽ തുകയും 31.03.17 നു മുൻപ് നൽകാൻ കഴിയണം.

(നടപടി– എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും)

14 കോർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ യോഗ സമയത്തുതന്നെ സ്ക്രീനിൽ കാണത്തക്കരീതിയിൽ പ്രോജക്ട് ചെയ്യുന്നതിന് വേണ്ട ക്രമീകരണം നടത്തണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.)

15 ഐ.കെ.എം ന്റെ നിർദ്ദേശം പരിഗണിച്ച് അവർക്ക് ആവശ്യമുള്ള കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകി.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.)

16 ജലനിധി പ്രോജക്ടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പങ്കാളിത്ത കുടിവെള്ള പ്രോജക്ടുകളിൽ പ്രവർത്തനക്ഷമമല്ലാത്തവയുടെ ഉടമസ്ഥത ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ആവശ്യമായ മെയിന്റനൻസ് നടത്തുകയും വേണം. കുടിവെള്ള പദ്ധതികളുടെ റിപ്പയറിംഗും മെയിന്റനൻസും നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 14–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാം. കൂടാതെ ജലനിധി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകേണ്ട വിഹിതം (പ്രോജക്ട് ചെലവിന്റെ 15%) കൃത്യമായി കൈമാറണം.

(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ്)

17 സ്കിൽ ഡെവലപ്മെന്റ് പരിപാടിക്കുവേണ്ടി കുടുംബശ്രീ പ്രത്യേക മുൻഗണന നൽകണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

18 പ്രൈസ് സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നതിന് പ്രത്യേക പരിശീലനം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർക്കുവേണ്ടി നടത്തണം. പുതിയ എഞ്ചിനീയർമാർക്ക് ആദ്യബാച്ചിൽ തന്നെ പരിശീലനം നടത്തണം. പരിശീലനത്തിന്റെ അവസാനം പരീക്ഷ നടത്തി അതിന്റെ score സഹിതം പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകണം. പരിശീലനം ഏപ്രിൽ ആദ്യവാരം തന്നെ നടത്തണം. തിരുവനന്തപുരം, തൃശ്ശൂർ (കില) എന്നിവിടങ്ങളിൽ ഇതിനായി സെന്ററുകൾ ഒരുക്കി പരിശീലനവും പരീക്ഷയും നടത്തേണ്ടതാണ്.

(നടപടി തദ്ദേശസ്വയംഭരണഎഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ)

19 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഐ.കെ.എം. സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നതിന് പരിശീലനപരിപാടി നടത്തണം.

(നടപടി– എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

20 ലൈഫ് പദ്ധതി 13.04.2017 ൽ ആരംഭിക്കുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തണം. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും ഒരു നഗരസഭകളിലെങ്കിലും ഭവനസമുച്ചയം പണിയുന്നതിന് സൈറ്റ് കണ്ടുപിടിച്ച് പ്രാരംഭ പ്രവർത്തനം ആരംഭിക്കണം.

I. ഡി.പി.ആർ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കാൻ വിദഗ്ധരായ എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കുന്നതിനു വേണ്ട നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ )

II. ഭവന സമുച്ചയം താഴത്തെ നിലകൂടാതെ മൂന്ന് നിലയായിരിക്കണം. (G+3 floors)

(നടപടി- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് )

III. ഇത്തരം കുറെ ഭവനങ്ങളിലെങ്കിലും GFRG (Glass Fibre Reinforced Gypsm) സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ പരിശ്രമിക്കണം.

(നടപടി - ചീഫ് എസ്കിക്യൂട്ടീവ് ഓഫീസർ, ലൈഫ് )

IV. ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു.

a. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് പൂർത്തീകരിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്.
b. ഭവനനിർമ്മാണത്തിന്റെ ഇതുവരെ പൂർത്തീകരിച്ച അവസ്ഥ പരിഗണിച്ച് ആനുപാതിക നിരക്കിൽ തുക നൽകാവുന്നതാണ്. നിരക്ക് പ്രത്യേകമായി മാർഗ്ഗരേഖയിൽ ചേർക്കുന്നതാണ്.

(നടപടി- 1. തദ്ദേശസ്വയംഭരണ വകുപ്പ്,
2. ചീഫ് എസ്കിക്യൂട്ടീവ് ഓഫീസർ, ലൈഫ്)

V. ലൈഫ് പദ്ധതി നടത്തിപ്പ് എല്ലാ 15 ദിവസം കൂടുംതോറും അവലോകനം ചെയ്യണം.

(നടപടി- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് )

21 01.08.2016 ലെ എഎ2/59/2016/തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം ഡ്രൈവിംഗ് ലൈസൻസുള്ള ഭിന്നശേഷിയുള്ളവർക്ക് മാത്രമേ ട്രൈസൈക്കിൾ നൽകാവൂ എന്ന നിബന്ധന താഴെ പറയും പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ/ ട്രൈസൈക്കിൾ ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നവർക്കും ലേണേഴ്സ് ലൈസൻസ് ഉണ്ടെങ്കിൽ ട്രൈസൈക്കിൾ നൽകാവുന്നതാണ്.

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്

22 വൃദ്ധജനങ്ങൾക്ക് ക ട്ടിൽ വാങ്ങി നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് ചെലവ് 3500/– രൂപയാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നിലവിലെ തുക തുടരുന്നതാണ്. വരും വർഷങ്ങളിലേക്ക് സ്റ്റീലിന്റേയും, തടിയുടേയും കട്ടിലിന്റെ യൂണിറ്റ് നിരക്കും സ്പെസിഫിക്കേഷനും നിശ്ചയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ )

23 SRG ദൈനംദിന ചെലവിനായി ജൂനിയർ സൂപ്രണ്ടിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാനും ഇംപ്രസ്റ്റ് പരിധി 25000/– രൂപയായി വർദ്ധിപ്പിക്കാനും അനുമതി നൽകി.

(നടപടി– തദ്ദേശസ്വയംഭരണ ഡി.എ വകുപ്പ്)

## 3. <u>പ്രത്യേക വിഷയങ്ങൾ</u>

### 3.1 <u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2017 ലെ എ2/3001/17-ാം നമ്പർ കത്ത്.</u>

2015-16 വർഷം 6.75 ലക്ഷം രൂപ വീതം (ആകെ 13.50 ലക്ഷം രൂപ) കേന്ദ്രാവിഷ്കൃത വിഹിതമായി (നബാർഡ്) രണ്ടു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ തനതുഫണ്ട് ഉപയോഗിച്ച് ബിൽതുക നൽകുന്നത് സംബന്ധിച്ച്.

***<u>തീരുമാനം</u>*** - *തനതുഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി), (ഇ.പി.എ) വകുപ്പ്)

### 3.2 <u>ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ3-8846/16-ാം നമ്പർ കത്ത്.</u>

മഴമറ നിർമ്മാണം ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

***<u>തീരുമാനം -</u>*** *അനുമതി നൽകുന്നു. കോർഡിനേഷൻ കമ്മിറ്റിയുടെ 01.03.17 ലെ തീരുമാനം പാലിക്കണം.*

(നടപടി - തദ്ദേശസ്വയംഭരണ (ഡിഎ.) വകുപ്പ്)

### 3.3 <u>വയനാട്ടു ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2016 ലെ ഡി.പി.3-400/16-ാം നമ്പർ കത്ത്.</u>

ഭവനനിർമ്മാണത്തിന് 1.02 കോടി രൂപ ഇല്ലം-തോട്ടം തൊഴിലാളികൾക്കുള്ള പ്രത്യേക ഭവനപദ്ധതി എന്ന പേരിൽ വകയിരുത്തിയിട്ടുണ്ട്. പി.എം.എ.വൈ ഭവനപദ്ധതിയുടെ മാനദണ്ഡപ്രകാരമുള്ള ആകെ യൂണിറ്റ് ചെലവാണ് പാലിക്കുന്നതെങ്കിലും മുഴുവൻ തുകയും ജില്ലാ പഞ്ചായത്താണ് വഹിക്കുന്നത്. എസ്റ്റേറ്റ് ഉടമകൾ 5 സെന്റ് സ്ഥലം വീതം സൗജന്യമായി തോട്ടം തൊഴിലാളികൾക്ക് നൽകും. ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ഡയറക്ടറെയാണ് നിശ്ചയിച്ചിരിക്കുന്നത്.
ഇതിന്റെ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>*** - *ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെടുത്തി തോട്ടം തൊഴിലാളികളുടെ പാർപ്പിടം പ്രശ്നം പരിഹരിക്കാൻ പ്രത്യേക നിരക്കനുസരിച്ച് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി അതിന്റെ ഭാഗമായി ഇത് നടപ്പാക്കത്തക്കരീതിയിൽ പ്രോജക്ട് തയ്യാറാക്കണമെന്നു നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞതിന് അനുമതി നൽകുന്നില്ല.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

3.4 **വാരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2017 ലെ എ2–1/17–ാാം നമ്പർ കത്ത്.**

തെരുവ് വിളക്ക് മെയിന്റനൻസിന് എഗ്രിമെന്റ് വെക്കാതെ 2015–16 വർഷം ജോലി ചെയ്ത ആളിനെ കൊണ്ട് നടത്തിച്ചു. 2016 – 17 വർഷം 4/2016 നമ്പറായി തെരുവു വിളക്ക മെയിന്റനൻസിനു 74,236/– രൂപയുടെ പ്രോജക്ട് വകയിരുത്തിയിരുന്നു. എഗ്രിമെന്റ് വെയ്ക്കാതെ പ്രവർത്തി ചെയ്യിപ്പിച്ച നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *ഇത് ഗ്രാമപഞ്ചായത്തുതലത്തിൽ പരിഗണിക്കേണ്ട വിഷയമാണ്.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ് )

3.5 **കേരളാഗവൺമെന്റ് കോൺട്രാക്ടേഴ്സ് പത്തനംതിട്ട ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 01.03.2017 – ലെ കത്ത് (1060747/**DA1/2016/**തസ്വഭവ)**

നിലവിലെ ഉത്തരവനുസരിച്ച് 5.00 ലക്ഷത്തിലധികമുള്ള മരാമത്ത് പണികൾ ഇ–ടെണ്ടറിലൂടെ നടപ്പാക്കണമെന്നാണ്. ഈ തുകയിൽ താഴെയുള്ളവ വേണമെങ്കിൽ ഗുണഭോക്തൃ സമിതി മുഖേനയും നടപ്പാക്കാമെന്ന നിബന്ധനയിന്മേലുള്ള പരാതി സംബന്ധിച്ച്.

***തീരുമാനം*** – *ഇതിന്മേൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.6 **മീനടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.03.2017 ലെ കത്തും 27.02.17 ലെ 1 (6) നമ്പർ ഭരണസമിതി തീരുമാനവും**

ചീരംകുളം ഗവ. യു.പി. സ്കൂളിന് 7 സീറ്റർ വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. (അടങ്കൽ 4.00 ലക്ഷം രൂപ)

***തീരുമാനം*** – *അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.*

(നടപടി – തദ്ദേശസ്വയംഭരണ. ഡി.ബി) വകുപ്പ്)

3.7 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2017 കത്ത്**

ജവഹർ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം ഈ പദ്ധതിക്കായി എടുത്തിട്ടുള്ള ലോണിന്റെ 5 ശതമാനം ജില്ലാ പഞ്ചായത്താണ് നൽകേണ്ടത്. ഈ തുക തനതുഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തിരികെ അടയ്ക്കണമെന്നായിരുന്നു നിർദ്ദേശം. തനതുഫണ്ട് / ജനറൽ പർപ്പസ് ഗ്രാന്റ് അപര്യാപ്തമായതിനാൽ ഈ തുക വികസന ഫണ്ടിൽ നിന്നടയ്ക്കാൻ (90.32 ലക്ഷം രൂപ) അനുമതി സംബന്ധിച്ച്.

***<u>തീരുമാനം -</u>*** *ഈ വർഷത്തേക്ക് പ്രത്യേക അനുമതി നൽകുന്നു. അടുത്തവർഷം ഇപ്രകാരം ചെയ്യാവുന്നതല്ല.*

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

3.8 **<u>കയർ വികസന ഡയറക്ടറുടെ 18.12.2016 (പി3/2749/15 ലെ കത്ത് (</u>**<u>IND–E1/21/2017–IND)</u>

തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കാവശ്യമായ കയർ ഭൂവസ്ത്രം സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുവാങ്ങാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നു വാങ്ങാവുന്നതാണ്.*

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്,
ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റ്)

3.9 **<u>വണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2017 ലെ കത്ത്.</u>**

2015–16 വർഷം പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കാൻ പ്രോജക്ടിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതി സംബന്ധിച്ച്

***<u>തീരുമാനം -</u>*** *08.02.2017 ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട് എന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് പരിഗണിച്ചില്ല.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.10 **<u>മംഗലപുരം ഗ്രാമപഞ്ചായത്ത് 01.03.2017 – ലെ എ1–7046/16–ാം നമ്പർ കത്തും 25.02.17 ലെ 5–ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ഗാർഹിക കണക്ഷൻ നൽകുന്നതിന് 7.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (എസ്.സി.എസ്.പി. വിഹിതം 6000/– രൂപ വീതം 120 കുടുംബങ്ങൾക്ക് ). എന്നാൽ ഇപ്പോൾ പുതിയ വാട്ടർ കണക്ഷൻ അനുവദിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ഈ തുക കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>***– *മുൻഗണനാടിസ്ഥാനത്തിൽ ഇവിടെ വാട്ടർ കണക്ഷൻ നൽകുന്നതാണെന്ന് വാട്ടർ റിസോഴ്സ് സെക്രട്ടറി അറിയിച്ചു. ഇതിന്മേൽ നടപടി ആയതിനുശേഷം തുക ഡെപ്പോസിറ്റ് ചെയ്താൽ മതിയാകും. ഇപ്പോൾ തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതില്ല.*

(നടപടി – തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.11 **<u>പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ കത്തും 28.02.17 ലെ VIII-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ വാങ്ങി നൽകാൻ 2 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 43/17. തുക 26.50 ലക്ഷം രൂപ ജനറൽ, പ്രോ.നം. 33/17 20.05 ലക്ഷം രൂപ. എസ്.സി.എസ്.പി). ലേണേഴ്സ് ലൈസൻസ് ഉള്ളവർക്കും ആനുകൂല്യം നൽകാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>***- സർക്കാരിന്റെ 01.08.2016-ലെ എഎ2/59/2016/തസ്വഭവ സർക്കുലർ പ്രകാരം ഭിന്നശേഷിക്കാർക്ക് ട്രൈസൈക്കിൾ നൽകുമ്പോൾ നിലവിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക മാത്രമേ നൽകാവൂ എന്ന് നിർദ്ദേശമുണ്ട്. എന്നാൽ സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നവർക്കും ലേണേഴ്സ് ലൈസൻസുണ്ടെങ്കിൽ ട്രൈസൈക്കിൾ നൽകാൻ അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

3.12 **<u>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.17 ലെ 144 (3)/17-ലെ എ4-7568/16-ാം നമ്പർ കത്തും 25.02.17 ലെ 1447(3)/17-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

ഭിന്നശേഷി വിഭാഗക്കാർക്ക് സൈഡ്വീലോടുകൂടിയ മുചക്രവാഹനം വാങ്ങാനുള്ള പ്രോജക്ട് (അടങ്കൽ 75000/- രൂപ) നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>* -** *ഈ വർഷത്തേക്ക് പ്രത്യേക അനുമതി നൽകുന്നു.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.13 <u>തദ്ദേശ ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.02.17 ലെ **D/B3/6512/D/13/CE** തസ്വഭവ നമ്പർ കത്ത്.</u>

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2017 - 18 ലെ വാർഷിക പദ്ധതിയിൽ തങ്ങളുടെ ആസ്തികൾ ജി.ഐ.എസ്. മാപ്പിംഗ് ചെയ്യുന്നതിനുള്ള പ്രോജക്ട് വയ്ക്കണമെന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>* -** *തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട തയ്യാറാക്കി തുക ചെലവഴിക്കാവുന്നതാണ്.*

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**3.14** <u>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.03.17 ലെ 557/17-ാം നമ്പർ കത്ത്.</u>

2015 - 16 വർഷം നടപ്പിലാക്കിയ **IAY** ഭവന പദ്ധതിപ്രകാരം ലഭിക്കേണ്ട സംസ്ഥാന വിഹിതം അനുവദിക്കണമെന്നതു സംബന്ധിച്ച് (ആകെ 9.00 ലക്ഷം രൂപ)

***<u>തീരുമാനം</u>***- *പൊതുതീരുമാനം ഖണ്ഡിക 6 ബാധകമാണ്.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

3.15 **<u>ബഹു. മങ്കട എം.എൽ.എ യുടെ 07.03.17 ലെ 64/മങ്കട/16-ാം നമ്പർ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.03.17-ലെ കത്തും.</u>**

ഈ വർഷം ബ്ലോക്ക് കർഷക കർമ്മ സമിതികൾക്ക് കമ്പൈയിൻഡ് ഹാർവെസ്റ്റർ വാങ്ങി നൽകാൻ 28.00 ലക്ഷം രൂപ വകിയിരുത്തിയിട്ടുണ്ട്. ഇതിലെ ഗുണഭോക്തൃ വിഹിതമായ 25% ഒഴിവാക്കി നൽകണമെന്ന്ത്തു സംബന്ധിച്ച്.

***<u>തീരുമാനം</u>*** - *അനുമതി നിരസിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.16 **<u>തിടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.03.2017 ലെ AZ-5346/16-ാം നമ്പർ കത്തും 30.01.2017 വെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

പൊതുവിഭാഗം ഫണ്ടിൽ നിന്ന് 4.00 ലക്ഷം രൂപയും MGNREGS വിഹിതമായി 8.00 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 12.00 ലക്ഷം രൂപ അടങ്കലായി കാലിതൊഴുത്ത് നിർമ്മാണത്തിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായി അസി. സെക്രട്ടറിക്കു പകരം സെക്രട്ടറിയെ ആക്കി പ്രോജക്ട് ഭേദഗതി ചെയ്തു. വെറ്റിംഗ് ഓഫീസർ (സീനിയർ വെറ്റിനറി സർജൻ) ഇതിന് അംഗീകാരം നൽകുന്നില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>***- *ഇത് ജില്ലാതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്. ഇത്തരം വിഷയങ്ങൾ കോർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതല്ല എന്ന് നിരീക്ഷിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി), (ഡി.ഡി) വകുപ്പ്)

3.17 **<u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.17 ലെ P3-37/17-ാം നമ്പർ കത്തും 30.01.2017 ലെ 1 (2)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ്. ഈ സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റിനകത്ത് അത്യാവശ്യം വേണ്ട ഭേദഗതി വരുത്താൻ സാധിക്കുന്നില്ല. ഇതിനുള്ള സൗകര്യമൊരുക്കണമെന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>*** - *ഇതിനുള്ള സൗകര്യം പ്രൈസ് സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

3.18 **<u>പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.17 ലെ എ-1404/16-ാം നമ്പർ കത്തും 06.02.17 ലെ 34(1)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം (ARWSS) നിർമ്മിച്ച കാവാട്ടുമുക്ക് എസ്.സി. കോളനി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ സമിതിയാണ് അടച്ചുകൊണ്ടിരിക്കുന്നത്. 130 കുടുംബങ്ങൾ ഉണ്ട്. പ്രതിമാസ വൈദ്യുതി ചാർജ്ജ് 26000/- രൂപ. ഇത് പഞ്ചായത്തു തന്നെ അടയ്ക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** - *അനുമതി നിരസിച്ചു.*

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.19 **<u>ബഹു. ചെങ്ങന്നൂർ എം.എൽ.എ യുടെ 02.02.17 ലെ</u>** <u>CGNR-01/2017/</u>**<u>നമ്പർ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.17 ലെ ഡി. 130/16 -ാം നമ്പർ കത്തും.</u>**

സംയോജിത നീർത്തട പരിപാലന പരിപാടിയിൽ രജിസ്റ്റർ ചെയ്ത അർഹരായ SHG/KLG ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് 25000/- രൂപ നിരക്കിൽ തൊഴിൽ സംരംഭത്തിന് വായ്പാധിഷ്ഠിതമായിരിക്കണമെന്ന വ്യവസ്ഥയില്ലാതെ റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം -</u>*** *അനുമതി നിരസിച്ചു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.20 **<u>ബഹു. ചെങ്ങന്നൂർ എം.എൽ.എയുടെ 02.02.2017 ലെ</u>** <u>CGNR-01/2017-</u>**<u>ാം നമ്പർ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.17 ലെ ഡി-130/16-ാം നമ്പർ കത്തും.</u>**

പട്ടാളപ്പുഴുവിന്റെ ആക്രമണത്തിൽ നിന്നും നെൽകൃഷിയെ സംരക്ഷിക്കുന്നതിന് പാടത്ത് വെള്ളമെത്തിക്കാൻ നെൽകർഷകർക്ക് സബ്സിഡി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 16 പാടശേഖരങ്ങളിലായി ആകെ 331.4 ഹെക്ടർ സ്ഥലത്ത് ഒരു ഹെക്ടറിന് 1500/- രൂപ വച്ച് ആകെ 4.97 ലക്ഷം രൂപയാണ് ആവശ്യമായ തുക. വരൾച്ച കെടുതി കാരണം പ്രത്യേക അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>***- *ഈ വർഷത്തേക്കു മാത്രമായി പ്രത്യേക അനുമതി നൽകുന്നു. സ്പിൽഓവർ ആക്കാൻ പാടില്ല.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.21 **<u>വയനാട് ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. എ.എൻ. പ്രഭാകരന്റെ 08.03.2017 ലെ കത്ത്.</u>**

വയനാട്ടു പവർലൂം & ഹാന്റ്ലൂം മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തുണി ഉല്പന്നങ്ങൾ വിൽക്കുന്നതിന് ഒരു സഞ്ചരിക്കുന്ന ഷോ റൂം തുടങ്ങുന്നതിന് റ്റി.എസ്.പി ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം -</u>*** *കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും ഇത് പ്രത്യേകമായി പരിശോധിച്ച് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ടു നൽകണം. പിന്നീടു പരിഗണിക്കാം.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.22 **<u>കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.03.17 ലെ A3/2101/2016/KSSM നമ്പർ കത്ത്</u>**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2016-17ൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് പദ്ധതികളോടൊപ്പം സാമൂഹ്യ സുരക്ഷാമിഷനിലെ പദ്ധതികൾ കൂടി നടപ്പാക്കുന്നതിന് സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നത് സംബന്ധിച്ച്.

***<u>തീരുമാനം</u>*** *അനുമതി നൽകുന്നില്ല.*

(നടപടി - തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്)

3.23 **<u>ബഹു. പട്ടാമ്പി എം.എൽ.എ യുടെ 25.02.17 ലെ 241/LSGM/17-ാം നമ്പർ കത്തും പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.17 ലെ കത്തും.</u>**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനമായിരുന്നു പട്ടാമ്പി താലൂക്ക് ആശുപത്രി. 2015-16 ൽ പട്ടാമ്പി മുനിസിപ്പാലിറ്റി രൂപീകൃതമായപ്പോൾ ഈ സ്ഥാപനം മുനിസിപ്പാലിറ്റിക്കു കീഴിൽ പ്രവർത്തിക്കേണ്ടതാണ്. എന്നാൽ താലൂക്ക് ആശുപത്രി മുനിസിപ്പാലിറ്റിക്ക് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടില്ല. ആശുപത്രിക്കുവേണ്ടി ബ്ലോക്കുപഞ്ചായത്ത് താഴെ പറയുന്ന പദ്ധതികൾക്ക് 2016-17 ൽ തുക വകയിരുത്തിയിരുന്നു. ഈ പദ്ധതികൾ പുരോഗതിയിലാണ്. ഇതു പൂർത്തിയാക്കാൻ അനുമതി സംബന്ധിച്ച്.

| **<u>പ്രോജക്ടിന്റെ പേര്</u>** | **<u>അടങ്കൽതുക</u>** |
|---|---|
| I. പട്ടാമ്പി താലൂക്ക് ആശുപത്രി അറ്റകുറ്റപ്പണി | 9.00 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ്) |
| II. ജെറിയാട്രിക് വാർഡിലേക്ക് കിടക്ക കട്ടിൽ, വാങ്ങിക്കൽ | 3.39 ലക്ഷം രൂപ (വികനഫണ്ട് ) |
| III. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 6.00 ലക്ഷം രൂപ (ഒഴിവാക്കി) |
| IV. ദൈനംദിന ചെലവുകൾ | 6.00 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ്) |
| V. പാലിയേറ്റീവ് കെയർ സാന്ത്വന യാത്ര | 24125 രൂപ |

***<u>തീരുമാനം -</u>*** *ഈ വർഷംകൊണ്ട് പൂർത്തിയാക്കണമെന്ന നിബന്ധനയോടെ ക്രമനമ്പർ മൂന്ന് (III) ഒഴികെയുള്ളവയ്ക്ക് അനുമതി നൽകുന്നു. അടുത്തവർഷം മുതൽ ഇപ്രകാരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് എടുക്കാവുന്നതല്ല.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.24 **<u>ബഹു. കൊടുങ്ങല്ലൂർ എം.എൽ.എയുടെ 06.12.16 ലെ കത്തും അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും. 28.10.2016 ലെ 5 (5)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തിലെ 6,7,8,9,10 വാർഡുകളിലേക്ക് അധിക ഷിഫ്റ്റ് ജലവിതരണം നടത്തിയതിന് കേരള വാട്ടർ അതോറിറ്റിക്കു തനതുഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*-** *അനുമതി നൽകുന്നു.*

(നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.25 **<u>ബഹു. മലപ്പുറം എം.എൽ.എയുടെ 28.02.17 ലെ</u>** <u>P4/11/2017/Tvpm/LSGD</u> **<u>കത്തും മലപ്പുറം ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2017-ലെ 26/2017-ാം നമ്പർ കത്തും.</u>**

താഴെപ്പറയുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ കഴിയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. എന്നതിനാൽ പ്രോജക്ടു നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

| **<u>പ്രോജക്ടിന്റെ പേര്</u>** | **<u>അടങ്കൽ</u>** |
|---|---|
| 1. സ്കൂളുകൾക്ക് കക്കൂസ് നിർമ്മാണം | 38.95 ലക്ഷം രൂപ (നിർമ്മൽ പുരസ്കാര വിഹിതം 15.75 ലക്ഷം രൂപ വികസനഫണ്ട് 23.20 ലക്ഷം രൂപ) |
| 2. പനക്കൽ കോളനി ഭവനസുരക്ഷ | 13.50 ലക്ഷം രൂപ |

***<u>തീരുമാനം</u>*-** നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർതന്നെ ആയിരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഇതു മോണിറ്റർ ചെയ്യണം.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.26 **<u>ബഹു. വടകര എം.എൽ.എയുടെ 02.03.2017 -ലെ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2017 ലെ കത്തും.</u>**

ഉല്പാദന മേഖല, വനിതാ ഘടകപദ്ധതി, ശിശു/വൃദ്ധ ക്ഷേമപരിപാടികൾ, ശുചിത്വം എന്നീ മേഖലകളിൽ പദ്ധതി ചെലവ് കുറവായതിനാൽ വാലിഡേഷൻ ശരിയാക്കാനായി ഇത്തരം പ്രോജക്ടുകളിലെ തുക ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലും, അനുബന്ധ കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സോളാർ പാനൽ സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകളിലേക്ക് / മേഖലയിലേക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം</u>*-** *അനുമതി നിരസിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

3.27 **കൊയിലാണ്ടി നഗരസഭ ചെയർമാന്റെ 02.03.2017 ലെ Rz-1560/15 -ാം നമ്പർ കത്ത്.**

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള 5 മുറികൾ പ്രതിമാസം 2750/- രൂപ (ഒരു മുറിക്ക്) വാടകയ്ക്ക് എടുത്ത് ഫയർ & റെസ്ക്യുവിനു ഓഫീസ് പ്രവർത്തിക്കാൻ നൽകാനായി അനുമതി സംബന്ധിച്ച്.

***തീരുമാനം -*** *അനുമതി നിരസിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.28 **കൊയിലാണ്ടി നഗരസഭ ചെയർമാന്റെ 17.02.2017 ലെ റ്റി.പി. 11285/16-ാം നമ്പർ കത്ത്.**

നഗരസഭയുടെ കൈവശമുള്ള താഴെ പറയുന്ന സ്ഥലങ്ങൾ സമഗ്രകുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിക്കുകൈമാറാൻ അനുമതി സംബന്ധിച്ച്.

1. വലിയമല - 40 സെന്റ്
2. വലിയമല താഴെ ഭാഗം - 10 സെന്റ്
3. ഹാർബർ വകുപ്പ് കെട്ടിടത്തിനു സമീപം - 35 സെന്റ്
4. കുന്നിയോറ മല - 30 സെൻറ്

***തീരുമാനം*** - *വകുപ്പ് തലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.*

(നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.29 **പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2017 ലെ കത്ത്.**

(1) 2015 - 16 വർഷം 3,10,607/- രൂപ റ്റി.എസ്.പി. ഫണ്ട് ഉൾപ്പെടുത്തി കോളനി ഭൂസംരക്ഷണം (നം. 73/17) എന്ന പ്രോജക്ട് ഉണ്ടായിരുന്നു. ഇത് 2016-17 ൽ സ്പിൽ ഓവറായി തുടരുകയാണ്. ഈ വർഷം 3,56,340/- രൂപ റ്റി.എസ്.പി ഫണ്ട് ഉൾപ്പെടുത്തി ട്രൈബൽ കോളനി പാർശ്വഭിത്തി നിർമ്മാണവും സ്റ്റെപ്പ് കെട്ടും എന്ന പ്രോജക്ട് (238/17) ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷമുള്ള പ്രോജക്ട് (സ്പിൽ ഓവർ) പൂർത്തിയായി 310607/- രൂപ നൽകി. ഇനി ബാലൻസ് 45,733/ രൂപ ഉണ്ട്. ഈ വർഷത്തെ പ്രോജക്ട് പൂർത്തിയായി വരുന്നു. തുക നൽകാൻ റ്റി.എസ്.പി. ഫണ്ടില്ല (കുറവ് 310607/-) പ്രോജക്ട് ഭേദഗതി വരുത്തി മറ്റുവിഹിതം ഉൾപ്പെടുത്തുന്നതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം***- *(i) ഇതിന് ആവശ്യമായ ക്രമീകരണം (വാലിഡേഷൻ ഒഴിവാക്കി) നടത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.*

(നടപടി- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

(ii) . പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ലബോറട്ടറിയിൽ യോഗ്യതയുള്ള ഒരു ലാബ്ടെക്നീഷ്യനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും തനതുഫണ്ടിൽ നിന്ന് വേതനം നൽകാനും അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– *ലാബ്ടെക്നീഷ്യനെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുന്നു. വേതനം എച്ച്.എം.സി. ഫണ്ടിൽ നിന്നും നൽകേണ്ടതാണ്. എച്ച്.എം.സി. ഫണ്ട് തികയാതെ വന്നാൽ തനതുഫണ്ട് ഉപയോഗിക്കാവുന്നതാണ്.*

(iii) ജീവനക്കാർക്ക് വാർഡുകളിൽ പോകുന്നതിനും മറ്റും തനതുഫണ്ടു പയോഗിച്ച് ഗിയർ ഇല്ലാത്ത ഒരു ഇരുചക്രവാഹനം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– *തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.30 **<u>വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.17 – ലെ എ3–738/17–ാം നമ്പർ കത്ത്.</u>**

മുൻപ് വീട്ടു നിർമ്മാണത്തിനു ധനസഹായം ലഭിച്ചവർക്ക് വീട്ടു പുനരുദ്ധാരണത്തിന് അസി.എഞ്ചിനീയർ കാലപ്പഴക്കം നിശ്ചയിച്ചു നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** പുതിയവീടിനു ധനസഹായം നൽകിയതിനുശേഷം 8 വർഷം കഴിഞ്ഞ് വീട്ടുപുനരുദ്ധാരണത്തിനു ധനസഹായം നൽകാമെന്ന നിബന്ധന പാലിക്കേണ്ടതാണ്. ധനസഹായം നൽകിയ വർഷം ആദ്യവർഷമായി പരിഗണിച്ച് 8 വർഷം കണക്കാക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.31 **<u>കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.17 ലെ കത്തും 28.02.17 ലെ (2)–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

വെറ്റിനറിസർജ്ജൻ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് ജീവോദയ മിൽക് സൊസൈറ്റി, കല്ലൂർക്കാട് PDDP മിൽക് സൊസൈറ്റി എന്നിവിടങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് കൂടി സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം–</u>** വെറ്റിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ പാൽ അളക്കുന്ന ഇത്തരം സംഘങ്ങൾ മുഖേനയും സബ്സിഡി നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.32 **<u>കാസർകോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.12.16 ലെ</u>** <u>B4-1539/15-</u>**<u>ാം നമ്പർ കത്ത് (</u>**<u>LSGD-DB1/38/2017-LSGD)</u>

മാനസിക-ശാരീരിക ഭിന്ന ശേഷിയുള്ള 258 പേർക്ക് വൈകല്യ സൗഹൃദ ഭവനപദ്ധതിയുടെ ഭാഗമായി 3.00 ലക്ഷം രൂപ യൂണിറ്റ്ചെലവിൽ വീട്ടു നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം*** - *പ്രത്യേക അനുമതി നൽകുന്നു*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.33 **<u>ആരക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 08.03.17 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടത്തിന് സ്ഥല സൗകര്യം കുറവായതിനാൽ പഞ്ചായത്ത് കെട്ടിടത്തിനോട്ടു ചേർന്നുള്ള ആരക്കുഴി സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥലവും കെട്ടിടവും വാങ്ങാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം-</u>*** *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്.*

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)

3.34 **<u>ബഹു. പീരുമേട് എം.എൽ.എയുടെ 28.02.2017 ലെ കത്ത്.</u>**

കടുത്ത വേനലിനെ തുടർന്ന് തോട്ടം തൊഴിലാളികൾക്ക് ജോലിയില്ല. അതിനാൽ ഇവർക്ക് തൊഴിൽഉറപ്പുകാർഡു നൽകി വേനൽകാലത്തെ അതിജീവിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നൽകണമെന്ന് (ഉദാ. ആസ്തികൾ, ചെക്ഡാം കിണറുകൾ, കുളം മുതലായവ പുനരുദ്ധരിക്കുക) ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം</u>*** - *ആവശ്യമായ നടപടി* MGNREGS *ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.*

(നടപടി - ഡയറക്ടർ, MGNREGS)

3.35 **<u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2017 ലെ</u>** <u>P6/3028/16/TDP</u> **<u>കത്ത്.</u>**

ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ്, മൾട്ടിമീഡിയ ആന്റ് വെബ് ടെക്നോളജി എന്നീ പരിശീലന പരിപാടി 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്പിൽ ഓവർ. ഇത് ഒരു പരിശീലന പരിപാടിയല്ല. മറിച്ച് കോഴ്സ് എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി പ്രത്യേകം അംഗീകാരം നൽകണമെന്ന്ു സംബന്ധിച്ച്.

**<u>തീരുമാനം</u>** - ഇവിടെ പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ (Placement) ഉറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.36 **<u>പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2017 ലെ 500/2016/</u>**<u>DPC/DPO/PKD</u> **<u>നമ്പരായുള്ള കത്ത്</u>**

പുതുർ ഗ്രാമപഞ്ചായത്തിന് 2014-15, 2015-16 വർഷം സ്പെഷ്യൽ ഗ്രാന്റായി 15.00 ലക്ഷം രൂപ വീതം (ആകെ 30.00 ലക്ഷം രൂപ) അനുവദിച്ചിരുന്നു. ഇതുപയോഗിച്ച് 3 പ്രോജക്ടുകൾ ഡി.പി.സി അംഗീകരിക്കുകയും ഇപ്പോൾ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. (1) OLHപുതുർ കുടിവെള്ള പദ്ധതി 5.00 ലക്ഷം (2) മേലേ മുള്ളി കമ്മ്യൂണിറ്റിഹാൾ 10.00 ലക്ഷം, (3) എലച്ചിവഴി കമ്മ്യൂണിറ്റിഹാൾ 9.77 ലക്ഷം ആകെ ബിൽ തുക 24,77,120/- രൂപ തുക ക്യാരിഓവർ ചെയ്യാത്തതിനാൽ ഫണ്ട് ഇല്ല. അതിനാൽ ഈ തുക അനുവദിച്ചു നൽകുന്നത് സംബന്ധിച്ച്.

**<u>തീരുമാനം-</u>** *ബിൽതുക നൽകുന്നതിന് ഈ പ്രോജക്ടുകൾ (3 എണ്ണം) തനതുഫണ്ടോ വികസന ഫണ്ടോ ഉപയോഗിച്ച് ഭേദഗതി ചെയ്യാവുന്നതാണ്. അതിനായി ആവശ്യമായ ക്രമീകരണം വരുത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി), (എഫ്.എം) വകുപ്പ്)

3.37 **<u>ചേങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.03.17 ലെ കത്ത്.</u>**

പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 13,92,394/- രൂപയും ഗ്രാമപഞ്ചായത്തു വിഹിതമായി 3,71,606/- രൂപയും ഉൾപ്പടെ ആകെ 17.64 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. കട്ടിലിന്റെ യൂണിറ്റ് നിരക്ക് 3500/- രൂപ എന്നാണ് കോർഡിനേഷൻ കമ്മിറ്റി നിശ്ചയിച്ചത്. ഇത് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു

**<u>തീരുമാനം</u>-** അനുമതി നിരസിച്ചു. നിരക്ക് പുതക്കേണ്ടതുണ്ടോ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.38 **<u>വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.2017 ലെ കത്ത്.</u>**

കുടുംബശ്രീയുമായി ചേർന്ന് ഗ്രൂപ്പുകൾക്ക് ആടുകളെ വിതരണം ചെയ്യുന്ന ആടുഗ്രാമം എന്ന പദ്ധതി 2015-16ൽ അംഗീകരിച്ചിരുന്നു. 2016-17 വർഷം സ്പിൽ ഓവറായി തുടരുന്നു. 5 പേരുള്ള 17 ഗ്രൂപ്പുകൾക്കാണ് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്. ഒരു ഗ്രൂപ്പിന് 50,000/- രൂപ കുടുംബശ്രീ മുഖേനയും 20000/- രൂപ പഞ്ചായത്തിൽ നിന്നും ആയി ആകെ 70000/- രൂപ നൽകനാണ് ഉദ്ദേശിച്ചിരുന്നത്. മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് പരമാവധി നൽകാവുന്നത് 12,000/- രൂപയാണ്. (10 കിലോഗ്രാം വീതമുള്ള 3 ആടുകൾ) ഈ രീതിയിൽ കണക്കാക്കി 5 പേരുടെ ഗ്രൂപ്പിന് നൽകാൻ കഴിയുന്നത് 60000/- രൂപ (5 x 12000) 70000/- രൂപക്കു പകരം ഒരു ഗ്രൂപ്പിന് 60000/- രൂപയായി കുറച്ചുകൊണ്ടു പ്രോജക്ടു ഭേദഗതി വരുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – *60000/- രൂപ നിരക്കിൽ നൽകാൻ അനുമതി നൽകുന്നു. ഇതിനായി പ്രോജക്ട് ഐ.കെ.എം. സോഫ്റ്റ് വെയറിൽ ഭേദഗതി വരുത്താതെ നടപ്പാക്കാവുന്നതാണ്. 31.03.17 നു മുൻപ് പ്രോജക്ട് പൂർത്തിയാക്കണം.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.39 **പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.17 ലെ കത്ത്.**

ഐ.എ.വൈ. ഭവനനിർമ്മാണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതത്തോടൊപ്പം 50000/- രൂപ സർക്കാർ വിഹിതം (പൊതുവിഭാഗത്തിന്) നൽകുമെന്നറിയിച്ചിരുന്നു. ഈ തുക ലഭിച്ചില്ല. അതിനാൽ ബ്ലോക്കു പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് ഈ തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**- *പൊതുതീരുമാനം ഖണ്ഡിക 6 ബാധകമാണ്.*

(നടപടി – തദ്ദേശസ്വയംഭരണ)

3.40 **കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27.02.17 ലെ** Az-191/2016-**ാം നമ്പർ കത്ത്.**

നെല്ലുസംഭരണ സംസ്കരണ യൂണിറ്റ് ശൂരനാട് നോർത്ത് എന്ന ബഹുവർഷ പ്രോജക്ട് (നം. 36/17) നടപ്പാക്കാൻ കഴിയില്ലാത്തതിനാൽ ഭരണസമിതി തീരുമാനപ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കി. എന്നാൽ ഈ പ്രോജക്ട് നടപ്പാക്കേണ്ടത് അനിവാര്യമാണെന്നു തോന്നിയതിനാൽ വീണ്ടും സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം**- അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ)(ഡി.ബി) വകുപ്പ്)

3.41 **അനർട്ട് ഡയറക്ടറുടെ 06.03.17 ലെ 2387**/ANERT/2017-**ാം നമ്പർ കത്ത്**

അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി തുക കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും (അനെർട്ട്) ചേർത്താണ്. ഇനി മുതൽ കേന്ദ്രവിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് സബ്സിഡി നൽകികൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായമടക്കമുള്ള സഹായസംവിധാനമൊരുക്കുന്ന ചുമതല അനെർട്ടിനെ ഏൽപ്പിക്കുന്ന രീതിയിൽ പുതിയ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം**- ഇതു വിശദമായി പരിശോധിച്ച് *നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.*

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.42 **<u>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.03.2017 ലെ എ–211/17–ാം നമ്പർ കത്ത്.</u>**

കോർഡിനേഷൻ കമ്മിറ്റിയുടെ 01.03.2017 ലെ തീരുമാനപ്രകാരം മഴമറ നിർമ്മിക്കാൻ ച.മീറ്ററിന് 500 രൂപ ക്രമത്തിൽ ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഹോർട്ടി കൾച്ചർ മിഷന്റെ റേറ്റ് 935/– രൂപയാണ് ഈ പദ്ധതിയിൽ ഹോർട്ടികൾച്ചർ മിഷൻ 50 ശതമാനം സബ്സിഡി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഹോർട്ടി കൾച്ചർ മിഷന്റെ സബ്സിഡിയും പഞ്ചായത്തിന്റെ സബ്സിഡിയും ഒരുമിച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം–</u>** *ബ്ലോക്കുപഞ്ചായത്തിന്റെ നിർദ്ദേശം അംഗീകരിക്കുന്നില്ല. എന്നാൽ ഒരു ഗുണഭോക്താവിന് യൂണിറ്റ് ചെലവിന്റെ 75 ശതമാനം പരമാവധി സബ്സിഡി നൽകുന്ന രീതിയിൽ അനുമതി നൽകുന്നു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.43 **<u>നിരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.02.17 ലെ 483/17–ാം നമ്പർ കത്തും 03.01.2017 ലെ 4–ാം നമ്പർ തീരുമാനവും.</u>**

പഞ്ചായത്തിൽ വയറിംഗ് നടത്താനായി PWD ഇലക്ട്രിക്കൽ വിംഗിനെ കൊണ്ട് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പ്രവർത്തി *PWD* ഇലക്ട്രിക്കൽ വിംഗിനെ ഏല്പിക്കുന്നതിനു പകരം ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നേരിട്ടു പ്രവർത്തി നടത്താൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– *ടെണ്ടർ ചെയ്ത് പ്രവർത്തി നടത്താവുന്നതാണ്. എന്നാൽ* PWD *ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സൂപ്പർവിഷൻ ഉണ്ടായിരിക്കണം.*

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.44 **<u>പഞ്ചായത്തു ഡയറക്ടറുടെ 11.01.2017–ലെ ജെ6–9599/16–ാം നമ്പർ കത്ത് (</u>**<u>LSGD–DA1/133/2017 – LSGD)</u>

ആലപ്പുഴ ജില്ലയിലെ റിട്ട. സൈനിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ലക്ഷ്യ അക്കാദമി ഫോർ പ്രീ–റിക്രൂട്ട്മെന്റ് ട്രയിനിംഗ് സെന്ററിന് സൈന്യത്തിൽ ചേരാൻ ആഗ്രിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – *അനുമതി നിരസിച്ചു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.45 **<u>ഏറനാട് എം.എൽ.എ യുടെ 23.02.2017– ലെ കത്തും എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.17 ലെ കത്തും</u>**

പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന വനിതാ ശ്രീ സ്മാർട്ട് ഹെൽത്ത് ക്ലബ്ബിന് ഉപകരണം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രോ.നം. 238/17 അടങ്കൽ 3.00 ലക്ഷം രൂപ

***<u>തീരുമാനം</u>***– *അനുമതി നിരസിച്ചു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ1ഃ) വകുപ്പ്)

3.46 **<u>മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.02.2017 ലെ എ1-365/17-ാം നമ്പർ കത്തും 21.01.2017 ലെ *V(1), VI, VII*-ാം നമ്പർ തീരുമാനങ്ങളും</u>**

(1) പഞ്ചായത്തിൽ മാലിന്യ നിവാരണ മേഖലയിൽ 67 തൊഴിലാളികൾ ഉണ്ട്. ഇവരിൽ 63 പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. അതിനാൽ പട്ടികജാതി വിഭാഗക്കാരായ 63 പേരുടെ വേതനം *SCSP* ഫണ്ടിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം-</u>*** *1. അനുമതി നിരസിച്ചു.*
*2.ഇപ്രകാരം എസ്.സി.എസ്.പി. ഫണ്ട് ദുരുപയോഗം ചെയ്യുന്ന രീതിയിൽ നടപടി സ്വീകരിച്ച പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം തേടേണ്ടതാണ്.*

*(നടപടി- പഞ്ചായത്ത് ഡയറക്ടർ)*

2) പട്ടികജാതി വിഭാഗക്കാരായ കുട്ടികളുടെ കുടുംബം മറ്റു വിഭാഗത്തിലുള്ള കുടുംബത്തിനോടൊപ്പം ലയങ്ങളിലാണ് താമസിക്കുന്നത്. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ലാപ് ടോപ് നൽകുന്ന പരിപാടിയിൽ പൊതുവിഭാഗത്തിനെ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>*** - *അനുമതി നിരസിച്ചു.*

(നടപടി - തദ്ദേശസ്വയംഭരണ)

3.47 **<u>മാരാരിക്കുളം വടക്ക് - ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2016-ല A3-3743/16-ാം നമ്പർ കത്ത് (LSGD - DA1/22/2017/LSGD)</u>**

പഞ്ചായത്തിൽ കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ 2017 - ഫെബ്രുവരി മാസത്തിൽ 21 - ദിവസം നീണ്ടുനിൽക്കുന്ന ഉത്സവുമായി ബന്ധപ്പെട്ട് ഗാർഹിക ഉത്പ്പന്ന വിപണനം നടത്താറുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു മേള നടത്താൻ വികസനഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** **-** അനുമതി നിരസിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.48 **<u>തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2017-ലെ കത്ത്</u>**

തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് പുതിയ നിരക്കുപ്രകാരം ദിവസവേതനം 700/- രൂപയാണ്. എന്നാൽ പ്രതിദിനം 15 മുതൽ 25 വരെ വഴിവിളക്കുകൾ റിപ്പയർ ചെയ്യണമെന്നുണ്ട്. അല്ലായെങ്കിൽ പോൾ ഒന്നിന് 100/- രൂപ (രണ്ടു പേർക്കും കൂടി) ദിവസവേതനമാണെങ്കിൽ 15 മുതൽ 25 വരെ വഴിവിളക്കുകൾ എന്നത് ഇളവു ചെയ്യണമെന്നതു സംബന്ധിച്ച്.

***തീരുമാനം-*** അനുമതി നിരസിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

3.49 **ഗ്രാമവികസന കമ്മീഷണറുടെ 25.01.2017-ലെ 1172/DP5/16 CRD നമ്പർ കത്തും പനമരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2016-ലെ D- 871/16-ാം നമ്പർ കത്തും.**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ അങ്കണവാടികളിൽ ബേബി ബെഡുകൾ വാങ്ങി നൽകാൻ 11,24,820 രൂപ വകയിരുത്തി പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

***തീരുമാനം*** – പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്0)

3.50 **കോട്ടക്കൽ നഗരസഭാ ചെയർമാന്റെ 31.01.17 ലെ പിഎ/13189/14-ാം നമ്പർ കത്ത്.**

2014-15 വർഷം ഭവനശ്രീ പദ്ധതിപ്രകാരം 160 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നു. ഇതിനാവശ്യമായ ഫണ്ട് ഹഡ്കോയിൽ നിന്നും ലോണെടുക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇതിന് സർക്കാർ അനുമതി ലഭിക്കാൻ വൈകി. പല ഗുണഭോക്താക്കളും സ്വന്തമായി പണമുപയോഗിച്ച് വീട്ടു പണി ആരംഭിച്ച് പല സ്റ്റേജുകളിലാണ്. ഇവർ പണി നടത്തിയ സ്റ്റേജുവൈസായി തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**– *വീടിന് ഇനിയും നടത്തേണ്ട നിർമ്മാണ ജോലിക്കു മാത്രം വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.51 **കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.17 ലെ പി.ആർ-101/17-ാം നമ്പർ കത്ത്.**

പട്ടിക വർഗ്ഗവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനോപകരണങ്ങൾ പട്ടികജാതി വിഭാഗത്തിനും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം***– *അനുമതി നൽകുന്നു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.52 **നെടുമ്പനഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.17 ലെ കത്ത്.**

വിത്തുതേങ്ങാ പാകി തെങ്ങിൻ തൈ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ പ്രോജക്ട് ഉണ്ട്. വിത്തുതേങ്ങ പദ്ധതിവിഹിതത്തിൽ നിന്നും തെങ്ങിൻതൈ ഉത്പാദനവും നടീലും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുമാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം***– *അനുമതി നൽകുന്നു.*

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.53 **ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ കത്ത്.**

പഞ്ചായത്തിന്റെ സമീപപ്രദേശമായ പറക്കോട് കാവനാൽ എസ്.എൻ.ഡി.പി. ജംഗ്ഷൻ മുതൽ ചിരണിക്കൽവരെയുള്ള ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് OH Tank ത്രിതല പഞ്ചായത്തുകളുടെ ധനസഹായത്തോടെ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *ജില്ലാതലത്തിൽ തീരുമാനമെടുക്കണം.*

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.54 **കായണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2017 ലെ എ2/854/16–ാം നമ്പർ കത്ത്.**

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റെ ( ഡേറ്റാ എൻട്രി ഓപ്പറേറ്റർ) കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ ഇവരുടെ വേതനം തനതുഫണ്ട് ഉപയോഗിച്ച് നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു. തനതുഫണ്ട് ഇല്ലാത്തതിനാൽ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *അനിവാര്യച്ചമതലകൾ നിറവേറ്റിയതിനുശേഷം തനതുഫണ്ട് മിച്ചമില്ല എന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.*

(നടപടി – തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

3.55 **അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.03.17 ലെ എ2/1320/2017–ാം നമ്പർ കത്ത്.**

പഞ്ചായത്തിൽ 8 കുടിവെള്ളപദ്ധതിക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കി. എന്നാൽ ഭൂഗർഭജലവകുപ്പിൽ നിന്ന് എസ്റ്റിമേറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാലും തുക ലാപ്സാകാതിരിക്കാനും ഈ പ്രോജക്ടുകൾ ഭേദഗതി വരുത്തി തനതുഫണ്ട് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച് (ആകെ അടങ്കൽ 23,88,352/– രൂപ)

**തീരുമാനം**– ഇപ്രകാരം ലഭിക്കുന്ന തുക മറ്റുതനതുഫണ്ടു പ്രോജക്ടുകളിലേക്ക് മാറ്റി ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് )

3.56 **വയനാട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 05.05.16 ലെ എ/690/16/**EIW **കത്ത്.**

2017-18 -ലെ പദ്ധതി മാർഗ്ഗരേഖയിൽ TSP യിൽപ്പെടുത്തി നടത്തുന്ന വയറിംഗ് പ്രവർത്തികൾക്ക് 9000/- രൂപ അനുവദിക്കുന്നതിനും പ്രസ്തുത പ്രവർത്തി KSEB യുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – 2017-18 മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

3.57 **കാളികാവ് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.17 ലെ എ2-205/17-ാം നമ്പർ കത്ത്**

സ്പിൽഓവർ പദ്ധതി റിവിഷൻ നടത്തുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2017 ലെ കത്ത്. തുവ്വൂർ പഞ്ചായ ത്തുമായി ചേർന്ന് സംയുക്തമായി അരിമണൽ പുഴയ്ക്ക് നടപ്പാലം നിർമ്മാണത്തിനായി ഏറ്റെടുത്ത പദ്ധതി തുവ്വൂർ പഞ്ചായത്ത് വിഹിതം നൽകാത്തതിനാൽ പ്രസ്തുത തുക തനതുഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അപേക്ഷ.

**തീരുമാനം** – തനതുഫണ്ടിൽ നിന്നും പുതിയ പ്രോജക്ടായി ഉൾപ്പെടുത്തി തുക നൽകാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.58 **ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2017ലെ കത്ത്.**

ത്രിതല പഞ്ചായത്തുകളുടെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ടിട്ടുള്ള ആസൂത്രണസമിതികളിൽ അംഗങ്ങളായവർക്ക് യാത്രാ ബത്ത അനുവദിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം** –പദ്ധതി ആസൂത്രണ ചെലവിനായി നീക്കിവയ്ക്കുന്ന തുകയിൽ നിന്നും നിയമാനുസൃതമായ യാത്രാബത്ത നൽകാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

3.59 **കേരള** LSGD **കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ 04.03.17 ലെ കത്ത്**

പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികൾ ഇനിയും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നിർവഹണ കാലാവധി 3 മാസത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം** – പൊതു തീരുമാനം ഖണ്ഡിക 1 ബാധകമാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.60 പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.17 ലെ എ2–825/17–ാം നമ്പർ കത്ത്. 194/17 സ്പിൽ ഓവർ പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്.**

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.61 KREWS **ചെയർമാന്റെ** 13.03.2017**ലെ എ/1507/2014–ാം നമ്പർ കത്ത്**

KREWSന്റെ അനുബന്ധ സ്ഥാപനമായ KGL മുഖേന ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – KREWS ന്റെ അനുബന്ധ സ്ഥാപനമായ KGL നേരിട്ട് ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**3.62 കാരാളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09/03/2017 ലെ കത്ത്**

2016–17 വർഷത്തിൽ കരുളായി ഗ്രാമപഞ്ചായത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തികൾക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായുള്ള അപേക്ഷ

**തീരുമാനം** – കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ കോ–ഓർഡിനേഷൻ കമ്മിറ്റി അല്ല തീരുമാനമെടുക്കേണ്ടത്. ബന്ധപ്പെട്ട വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.63 **കിഴവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.17 ലെ പി–01/16–ാം നമ്പർ കത്തും** 02.03.17 **ലെ 11(4)–ാം നമ്പർ ഭരണ സമിതി തീരുമാനവും**

കിഴവില്ലം ഗ്രാമപഞ്ചായത്ത് 2016–17 വാർഷിക പദ്ധതി സേവാഗ്രാം നിർമ്മാണം (സ്പിൽ ഓവർ 185/16 പ്രോജക്ട്) നടപ്പിലാക്കുന്നത് സംബന്ധിച്ച്. 15 ലക്ഷം രൂപ വകയിരുത്തിയ സേവാഗ്രാം നിർമ്മാണം മൂന്നുതവണ ഇ ടെണ്ടർ നടത്തിയിട്ടും ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ മുഖേന പ്രജാരാജ് എന്നയാൾ 14,34,052 രൂപ ചെയ്യുവാൻ തയ്യാറാണെന്ന് അറിയിച്ചുവെങ്കിലും 31.12.2016 ന് മുമ്പ് എഗ്രിമെന്റ് വെയ്ക്കാൻ സാധിച്ചിട്ടില്ല. ഇതിന് പ്രത്യേക അനുമതി നൽകുന്നതിന് അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം** – പ്രത്യേകാനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ)

**3.64 കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.03.17 ലെ എ2/2016–ാം നമ്പർ കത്ത്.**

2016–2017 പദ്ധതി കുട്ടികൾക്ക് ബാറ്റ്മിന്റൺ പരിശീലനം പ്രത്യേകാനുമതി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം –** ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ള പ്രോജക്ടാണ്. ഹോണറേറിയം ആറുമാസക്കാലത്തേക്ക് നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**3.65 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2017 ലെ പി6/171/17–ാം നമ്പർ കത്ത്.**

മാലിന്യ സംസ്കരണത്തിനായി മാറ്റിവച്ച തുക SSA ജില്ലാ പഞ്ചായത്ത് വിഹിതം PMAY ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവക്കായി അടയ്ക്കുന്നതിന് അനുമതി.

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ( ഡി.ബി) വകുപ്പ്)

**3.66 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2017 ലെ കത്ത്.**

ദാരിദ്ര്യലഘൂകരണ യൂണിറ്റ്ജീവനക്കാരുടെ ശമ്പളം നൽകുവാൻ സാധിക്കാത്ത അവസ്ഥ – സംബന്ധിച്ച്

**തീരുമാനം** – വകുപ്പുതലത്തിൽ തീരുമാനം എടുക്കേണ്ടത്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.67 ബളാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.03.17 ലെ 1468/17–ാം നമ്പർ കത്ത്**

ODF പദ്ധതിയിൽ ഒഴിവാക്കപ്പെട്ട 33 കുടുംബങ്ങൾക്ക് സഹായം നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം** – അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**3.68 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ കത്ത്.**

കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് റോഡുകൾ വീതികൂട്ടി 8 മീറ്ററാക്കി സ്വകാര്യ പങ്കാളിത്തത്തോടെ BM/BC സ്പെസിഫിക്കേഷനോട്ടുകൂടി നിർമ്മാണാനുമതി സംബന്ധിച്ച്.

**തീരുമാനം** – 8 മീറ്റർ വീതി കൂട്ടി സ്ഥലം ലഭ്യമാക്കുന്ന റോഡുകൾക്ക് BM/BC സ്പെസിഫിക്കേഷനോട്ടുകൂടി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് അനുമതി നൽകി.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.69 **കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ കത്ത്.**

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ KL-40-C-2815 നമ്പർ വാഹനം ബഡ്സ് സ്കൂളിന് നൽകി പഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതു സംബന്ധിച്ച്.

**തീരുമാനം** – ബഡ് സ്കൂൾ ആവശ്യാർത്ഥം വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ)

3.70 **ഏഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ സി6/4/16-ാം നമ്പർ കത്ത്**

നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ടോയ് ലറ്റ് മെയിന്റനൻസ് പദ്ധതിക്ക് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – 6000 രൂപ ടോയ് ലറ്റ് മെയിന്റനൻസ് പദ്ധതിയ്ക്കായി സബ്സിഡിയായി നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.71 **കേരള സഹകരണ ക്ഷീര കർഷക യൂണിയന്റെ 16.02.2017 ലെ അപേക്ഷ.**

ക്ഷീരമേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – നിവേദനത്തിലെ ആവശ്യങ്ങൾ പുതിയ മാർഗ്ഗരേഖ തയ്യറാക്കുമ്പോൾ പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.72 **ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2017 ലെ എ3-4600/16-ാം നമ്പർ കത്ത്**

സ്വയംതൊഴിൽ സബ്സിഡി നല്കുന്നത് – സ്പഷ്ടീകരണം സംബന്ധിച്ച്

**തീരുമാനം** – ആറുമാസത്തെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ സബ്സിഡി നൽകാൻ സാധിക്കുകയുള്ളു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.73 **ഊർങ്ങാട്ടിരി ഗ്രാമഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2017 ലെ കത്ത്.**

വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോബിൻ ക്വട്ടേഷൻ/ടെണ്ടർ കാണിച്ച് വാങ്ങുന്നതിന് അനുമതി. സംബന്ധിച്ച്.

**തീരുമാനം** – ശുചിത്വമിഷന്റെ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികളിൽ നിന്നും ക്വട്ടേഷൻ വാങ്ങി നടപ്പിലാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി,സി) വകുപ്പ്)

3.74 **മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.02.17 ലെ എ1/1715/16-ാം നമ്പർ കത്ത്**

ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – വേതനം വികസഫണ്ടിൽ നിന്നും നൽകാൻ പാടില്ല.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.75 **കീഴല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.17 ലെ എ2–700/16 ാം നമ്പർ കത്ത്**

യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് അനുമതി സംബന്ധിച്ച്.

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.76 **തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017 ലെ ബി3/291/17-ാം നമ്പർ കത്ത്.**

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ക്രൂസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുവാൻ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.77 **സേനാപതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.02.2017 ലെ ബി1–3/17-ാം നമ്പർ കത്ത്**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന് സഹായം നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** – സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് പ്രവർത്തനത്തിന് സർക്കാർ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ അനുമതി നിഷേധിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.78 **തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017 ലെ സി3/1421/16-ാം നമ്പർ കത്ത്.**

തദ്ദേശമിത്രം അധിക ധനസഹായമായ 2 കോടി രൂപ ഉപയോഗപ്പെടുത്തി മറയാട്ടിക്കൽ ചൊവ്വൂർ റോഡ് നിർമ്മാണത്തിന് കോട്ടയം ജില്ലാ നിർമ്മിതികേന്ദ്രത്തിനെ ഏൽപ്പിച്ചത് മാറ്റി ഇടുക്കി ജില്ലാ നിർമ്മിതികേന്ദ്രത്തെ എൽപ്പിക്കുന്നതിന് അനുമതിക്ക് അപേക്ഷിച്ചത്.

**തീരുമാനം** – അനുമതി നിരസിച്ചു. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെ ഉപയോഗപ്പെടുത്തി തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.79 **കോട്ടയം നഗരസഭാ ചെയർപേഴ്സന്റെ 10.03.2017 ലെ കത്ത്**

2016–17 വാർഷികപദ്ധതി മലിനജലം ശുചീകരിക്കുന്നതിനുള്ള 2 ടാങ്കർ ലോറികൾ വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.80 **കോട്ടയം നഗരസഭ ചെയർപേഴ്സന്റെ 10.03.2017 ലെ കത്ത്**

2016–17 വാർഷിക പദ്ധതി ജലസംരക്ഷണം ശുചീകരണ ആവശ്യങ്ങൾക്കായി എസ്കലേറ്റർ, ജംഗാർ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) (ഡി.ബി) വകുപ്പ്)

3.81**കോട്ടയം നഗരസഭ – സെക്രട്ടറിയുടെ** PWI–26518/11–ാം **നമ്പർ കത്ത്**

മുള്ളൻകുഴി പട്ടികജാതി കോളനിയിൽ റസിഡൻഷ്യൽ ഫ്ളാറ്റ് – നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കുന്നതിന് മുഴുവൻ തുകയും ഡെപ്പോസിറ്റായി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – 20% ഡെപ്പോസിറ്റായി നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.82 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017 ലെ കത്ത്**

പട്ടികവർഗ്ഗ ഗ്രൂപ്പ് സംരംഭങ്ങൾക്ക് / വ്യക്തിഗത ഗുണഭോക്താക്കൾക്ക് കോഴി, ആട് മുതലായവ നൽകുന്നതിന് ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതു സംബന്ധിച്ച്.

**തീരുമാനം** – ജില്ലാപഞ്ചായത്ത് എടുക്കേണ്ട പദ്ധതിയല്ല.
അനുമതി നിഷേധിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.83 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017–ലെ കത്ത്**

2016–17 ഒഴിവായ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

**തീരുമാനം** – പുതിയ പ്രോജക്ട് തയ്യാറാക്കി തുക നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.84 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017 – ലെ കത്ത്.**

മിൽമ സംഘങ്ങൾ അല്ലാത്ത പാൽ ഉൽപാദക സംഘങ്ങൾക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** – വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മറ്റ് സംഘങ്ങൾക്കും സബ്സിഡി നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) (ഡി.എ) വകുപ്പ്)

3.85 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017 ലെ കത്ത്**

2016–17 ലെ സ്പിൽ ഓവർ പ്രോജക്ടുകളുടെ കഴിഞ്ഞവർഷത്തെ ക്യാരി ഓവർ തുക അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം** – ഈ വർഷത്തെ ബഡ്ജറ്റ് തുകയിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.86 ശ്രീകൃഷ്ണപുരം **ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.17 ലെ കത്തും 08.03.2017 ലെ** v– ാം **നമ്പർ ഭരണസമിതി തീരുമാനവും**

2016–17 തുമ്പൂർമുഴി മോഡൽ – ഖരമാലിന്യപദ്ധതി – കോ – ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം പുനരവലോകനത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം** – 01.03.2017 ലെ കോ–ഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചതാണ്. ജില്ലാ പഞ്ചായത്ത് ഈ മേഖലയിൽ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല എന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

3.87 **ബഹു. കൽപ്പറ്റ എം.എൽ,എയുടെ കത്തും / മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.17 ലെ കത്തും.**

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് തദ്ദേശമിത്രം കെ.എൽജി.എസ്.ഡി.പി. പ്രത്യേക ഗ്രാന്റ് ചണ്ണോത്തുകൊല്ലി തലക്കുളം നിർമ്മാണം 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.പി.സി അംഗീകാരം ലഭിച്ചതിന് 10% ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച്

**തീരുമാനം** – പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ച് ഗുണഭോക്തൃവിഹിതം 2% ആയി കുറവ് ചെയ്ത് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.88 **മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.02.2017 ലെ എ1–1715/16–ാാം നമ്പർ കത്ത്**

അധൂർക്കുളം അഭിവൃദ്ധിപ്പെടുത്തൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം 2 ലക്ഷം തെറ്റായി വകയിരുത്തിയതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – പ്രവൃത്തി പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.89 **അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.17 ലെ ബി1–1374/2016–ാാം നമ്പർ കത്തും. 27.10.17 ലെ 2(1)–ാാം നമ്പർ ഭരണസമിതി തീരുമാനവും**

ഉപയോഗയോഗ്യമല്ലാത്ത കെട്ടിടം പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച്

**തീരുമാനം** – വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.90 **അന്തിക്കാട് ഗ്രാമപഞ്ചായത്ത് –പ്രസിഡന്റിന്റെ 08.03.17 ലെ ബി1.1374/16–ാാം നമ്പർ കത്തും 23.01.17ലെ 1 (4)–ാാം നമ്പർ ഭരണ സമിതി തീരുമാനവും**

പ്രോജക്ടിൽ അധികം വന്ന 5 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തിയ അംഗൻവാടി വർക്കേഴ്സിന്റെ ഹോണറേറിയം നൽകുന്ന പ്രൊജക്ടിലേക്ക് വക മാറ്റുന്നത് സംബന്ധിച്ച്

**തീരുമാനം** – സേവനമേഖലയിൽ നിന്നും തന്നെ വകമാറ്റി നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)

3.91 **പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.03.2017 ലെ കത്തും 07.03.2017 ലെ** VII(8)– **ാാം നമ്പർ ഭരണ സമിതി തീരുമാനവും**

മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.92 **പെരിനാട്** ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.03.2017–ൃലെ കത്ത്.

ജീവിതശൈലീ രോഗ നിയന്ത്രണം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.93 **കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.03.2017 – ലെ കത്ത്.**

നാളികേരം ഉല്പാദന കമ്പനികൾക്ക് മാർക്കറ്റിംഗിന് ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരിക്കുന്നതിനുള്ള അനുമതി. സംബന്ധിച്ച്.

**തീരുമാനം** – വടകര സി.പി.സി.യുടെ ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് പ്രോജക്ട് ലഭ്യമാക്കുന്ന പക്ഷം പദ്ധതിവിഹിതം അനുവദിക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.94 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.03.17 ലെ** DPT-A4-1100/16-**ാം നമ്പർ കത്ത്.**

പുന്നയൂർ ഗ്രാമപഞ്ചായത്തിലെ അവിയൂർ പനന്തര കോളനി കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) റദ്ദുചെയ്യപ്പെട്ടുപോയത് പുനഃസ്ഥാപിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – പുതിയ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുക.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.95 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.**

കുടുംബശ്രീ വനിതകൾക്ക് സ്ഥിര സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കൽ – കോസ്റ്റ് ഫോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് അനുമതി സംബന്ധിച്ച്,

**തീരുമാനം** –പൂർത്തീകരണ കാലാവധി നിർമ്മാണച്ചെലവ് തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.96 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.03.2017 ലെ എ4-1100/2016-ാം നമ്പർ കത്ത്.**

സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിർബന്ധ വകയിരുത്തലുകൾ വേണ്ട വിഹിതം ഒഴിവാക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഐ.കെ.എം സോഫ്റ്റ് വെയർ പ്രകാരമുള്ള നിബന്ധന വകയിരുത്തലുകൾ ഒഴിവാക്കുന്നതല്ല.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.97 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.03.17 ലെ കത്ത്.**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ട്രാൻസ്ജന്റേഴ്സ് ക്ഷേമത്തിനായി പദ്ധതി രൂപീകരിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം** – വിശദമായ പ്രോജക്ട് തയ്യാറാക്കി അടുത്ത വാർഷിക പദ്ധതിയിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി))

3.98 **പൊന്നാനി നഗരസഭ ചെയർമാന്റെ കത്ത്.**

കുടിവെള്ള കുടിശ്ശികയായി 4 കോടി 75 ലക്ഷം രൂപ അടയ്ക്കു വാനുണ്ട്. ഇതിനായി തനത് ഫണ്ട് വരുമാനം ലഭ്യമല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും തുക അടയ്ക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** –മേഖലാ നിബന്ധനകൾക്കു വിധേയമായി മിച്ചം വരുന്ന തുക അടവാക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.99 **പൊന്നാനി നഗരസഭ ചെയർമാന്റെ കുറിപ്പ്**

ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുക വകയിരു ത്തുന്നത് സംബന്ധിച്ച്

**തീരുമാനം** – നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം വിപുലീകരിക്കുന്നതിന് ആവശ്യമായ തുക മേഖലാ നിബന്ധനകൾക്ക് വിധേയമായി വകയിരുത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.100 **പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.03.17 ലെ കത്ത്**

അംഗീകൃത കോൾ കർഷക സംഘങ്ങൾക്ക് പെട്ടി, പറ അനുബന്ധ ഉപകരണങ്ങൾ നൽകൽ പദ്ധതിക്ക് അനുമതി. 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചി ട്ടുള്ളതാണ്. ഇ ടെണ്ടർ നടപടികൾ ഉൾപ്പെടെ പൂർത്തീകരിച്ച പ്രവൃത്തി നടപ്പിലാ ക്കുന്നതിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം** – കോൾ നിലയമായതിനാൽ പ്രത്യേകം അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.101 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.03.17 ലെ DBI–2582/17/CE/തസ്വഭവ/ നമ്പർ**

കൊല്ലം എഴുകോൺ ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയം നിർമ്മാണം പെർഫോർമ ൻസ് ഗ്രാന്റ് ഉപയോഗിച്ച് പണികൾ പൂർത്തീകരിക്കുന്നതിന് അനുമതി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട്.

**തീരുമാനം** –ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഡിറ്റോറിയം നിർമ്മാണം പൂർത്തീകരണത്തിനായി ആവശ്യമായി വരുന്ന തുക നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.102 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട സരോജിനി എം.കെ. എന്നവർക്ക് വസ്തുവാങ്ങി നൽകുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** – പഞ്ചായത്തിന്റെ 22.12.2016 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.103 **കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.**

ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്നതിനു പകരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്നാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥനായി ഡയറി ഫാം ഇൻസ്ട്രക്ടർക്ക് പകരം കല്ലൂർക്കാട് വെറ്ററിനറി സർജനെ തീരുമാനിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.

**തീരുമാനം** – വെറ്ററിനറി സർജന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മിൽമാ സംഘങ്ങൾ അല്ലാത്ത മറ്റു ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്കും സബ്സിഡി നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.104 **കീരമ്പാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2017 ലെ എ1–479/17–ാം നമ്പർ കത്ത്**

കീരാമ്പാറ പഞ്ചായത്ത് സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ നടപ്പുവർഷ പദ്ധതികൾക്ക് തുക ലഭ്യമല്ലാതെ വന്നത് സംബന്ധിച്ച് എസ്.സി.പി. യിൽ ഉൾപ്പെടുത്തി 2016–17 വർഷത്തെ പദ്ധതിയിൽ അനുവദിച്ച തുക സ്പിൽ ഓവർ പ്രവൃത്തികൾക്കായി നൽകപ്പെട്ടതിനാൽ 5,99,454 രൂപയുടെ നടപ്പുവർഷ പദ്ധതികൾ തുക അനുവദിക്കാൻ പറ്റാത്ത സാഹചര്യമുള്ളതിനാൽ മുൻവർഷത്തെ ഓപ്പണിംഗ് ബാലൻസ് തുക പ്രത്യേകമായി അനുവദിക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം** – പൊതുതീരുമാനം ഖണ്ഡിക 7 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.105 **കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.17 ലെ എ2–3799/16–ാം നമ്പർ കത്ത്.**

നിലവിലുള്ള വാഹനം പി.എച്ച്.സി.യ്ക്ക് വിട്ടുകൊടുത്ത് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ. പഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം ഉപയോഗയോഗ്യമല്ലായെന്നാണ് റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്.

**തീരുമാനം** –ഉപയോഗയോഗ്യമല്ലാത്ത വാഹനം പി.എച്ച്.സി.യ്ക്ക് നൽകുന്നത് ശരിയല്ല. നിയമാനുസൃതം കണ്ടം ചെയ്ത് വിൽക്കുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.106 **കണ്ണൂർ കോർപ്പറേഷൻ മേയറുടെ കത്തും 15.10.16 ലെ 1–ാം നമ്പർ ഭരണസമിതി തീരുമാനവും**

മുനിസിപ്പൽ കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ ഉപയോഗത്തിലേക്ക് രണ്ട് ഇന്നോവ കാറുകൾ വാങ്ങുന്നതിന് അനുമതിയ്ക്ക് അപേക്ഷിച്ചിരുന്നു.

**തീരുമാനം** – വകുപ്പുതലത്തിൽ അനുമതിയ്ക്കായി അപേക്ഷ നൽകുന്നതിന് നിർദ്ദേശിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.107 കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.17–ലെ എസ്2–519/16–ാം നമ്പർ കത്ത്**

തെരുവുവിളക്ക് മീറ്റർസ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബി.യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് തുകയുടെ പകുതി അടയ്ക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

3.108 **കോട്ടയ്ക്കൽ നഗരസഭ ചെയർമാന്റെ 14.03.17 ലെ കത്ത്**

വാർഷിക പദ്ധതിയുടെ സേവിംഗ്സ് തുകയിൽ നിന്നും PMAY പദ്ധതി വിഹിതം അടവാക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – പ്രോജക്ട് ഭേദഗതി ചെയ്ത് തുക നൽകേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി/ഡി.ഡി) വകുപ്പ്)

3.109 **വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.17 ലെ സി1/510/14–ാം നമ്പർ കത്ത്**

എസ്.സി./എസ്.ടി വിഭാഗക്കാർക്കുള്ള കുടിവെള്ള ത്തിനുള്ള ഗാർഹിക കണക്ഷൻ തുക വാട്ടർ അതോറിറ്റി ഡെപ്പോസിറ്റായി അടവാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്

**തീരുമാനം** –250 എസ് സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ തുക ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റി അടയ്ക്കുന്നതിനും 22 എസ് ടി കുടുംബങ്ങൾക്കാവശ്യമായി വരുന്ന തുക സി ഡി എസ് മുഖേന നടപ്പിലാക്കുന്നതിനും അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.110 **ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.03.17 ലെ എ1–1291/17–ാം നമ്പർ കത്ത്.**

എസ്. സി വിഭാഗത്തിനുള്ള വിവാഹ ധനസഹായം കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച്.

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.111 **തലയാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.03.17 ലെ കത്ത്**

1) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പച്ചമരുന്ന് ശേഖരണവും വിതരണവും എന്ന പ്രോജക്ട് ബാങ്ക് ലിങ്ക്ഡ് ലോൺ ഇല്ലാതെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച് (പ്രോ.നം. 78/2017). അടങ്കൽ 61632 റ്റി.എസ് )

തീരുമാനം – റ്റി.എസ്.പി. ഫണ്ടായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

11) അവശത അനുഭവിക്കുന്ന ക്യാൻസർരോഗികൾക്ക് പോഷകാഹാരം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.112. **കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ എ/132/**KBMS **നമ്പർ കത്ത്**

സർക്കാർ ഉടമസ്ഥതയിലുള്ള കേരള ബുക്ക് മാർക്കിൽ നിന്നും സർക്കാർ പ്രസാധകരുടെ പുസ്തകങ്ങൾ, പ്രീ–സ്കൂൾ കിറ്റുകൾ, ചാർട്ടുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന അപേക്ഷ

**തീരുമാനം** – അനുമതി നൽകി.

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

**യോഗത്തിൽ  പങ്കെടുത്തവർ**

1 ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ പ്ലാനിംഗ് ബോർഡ്
3 ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4 ടിങ്കു ബിസ് വാൾ, സെക്രട്ടറി, വാട്ടർ റിസോഴ്സ്
5 ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
6 ഡോ. കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, സുചിത്വമിഷൻ
7 ശ്രീ. പി. ബാലകിരൺ, IAS, ഡയറക്ടർ ഓഫ് പഞ്ചായത്ത്
8 ശ്രീ.എ.കെ. മോഹൻ കുമാർ, ജോയിന്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്
9 ശ്രീ.കെ.പി. സാബു, ഡി.സി.ആർ,
10 ശ്രീ.എം.വി. അജിത്കുമാർ, ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്
11 ശ്രീ. ഡി. രാജീവ് കുമാർ, ഫിനാൻസ് ഓഫീസർ, അർബൻ
ഓഫീസർ
12 ശ്രീ. സുരേഷ് പി.എസ്, സെക്ഷൻ ഓഫീസർ,
എസ്.സി.എസ്.റ്റി(ഡി) ഡിപ്പാർട്ട്മെന്റ്
13 ശ്രീ. സനീഷ് കുമാർ.കെ.കെ, റിസർച്ച് ഓഫീസർ, എസ്.സി.ഡി.ഡി
14 ശ്രീ. കെ. ശ്രീ. അർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ
15 ശ്രീമതി ലിഷാമോഹൻ എം., എഡിസി, സി.ആർ.ഡി
16 ശ്രീ. പി.കെ. മോഹനൻ, ജെ.ഡി.സി, സി. ആർ.ഡി
17 ശ്രീ. എച്ച്. ഷാജി, കെ.എൽ.ജി.എസ്.ഡി.പി
18 ശ്രീ. പി.പി. ബാലൻ, ഡയറക്ടർ, കില
19 ശ്രീ. റ്റി.കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ്
20 ശ്രീമതി സെബിമോൾ വി.പി, പ്ലാനിംഗ് & ഇ.എ. ഡിപ്പാർട്ട്മെന്റ്
21 ശ്രീ. അനീഷ് എ, ഡി.എം. ഐ. കെ.എം
22 ശ്രീ.എസ്. ദിവാകരൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
23 ശ്രീ. പി.ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
24 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ